# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 12/2024
# 04.01.2025 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. സമ്മേളനങ്ങൾ
6. ഐഫെക്ടോ അക്കാദമിക് കോൺഫറൻസ്
7. പ്രക്ഷോഭ പരിപാടികൾ
8. വിവിധ സബ്കമ്മറ്റികൾ
9. മറ്റ് ആവശ്യമായവ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ. രഘുദാസ് പി. വി., ശശി സി. ടി., ഡോ.എസ്. എസ്. വിവേകാനന്ദൻ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. ആർ. പ്രഗാഷ്, ഡോ.രജിത സി. ആർ.,ഡോ. ജിനീഷ് പി. എസ്., ഡോ. ദിനേശൻ പി.കെ.,സജിത്ത് കുമാർ പി., ഡോ. ആനന്ദ് ടി. എ., ഡോ. രഞ്ജിത്ത് മോഹൻ, ഡോ. മുഹമ്മദ് ബഷീർ ടി.,ഡോ. സുകുമാരൻ എം., ഡോ. മഞ്ജുള കെ. വി., ഡോ. മനോ മോഹൻ ആന്റണി, ഡോ. കെ. റഹീം, സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഉദയകുമാർ പി., ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അജി. പി. എൽ., ഡോ. വിഷ്ണു വി. എസ്., ഡോ. റോസ് നിക്സ് പി. കെ., ജയരാജ് ജെ., ഡോ. സെനോ ജോസ്, ഡോ. സുമിജോയ് ഓലിയപ്പുറം, ഡോ. സുനിൽരാജ് എൻ. വി.

രാവിലെ 10 മണിക്ക് ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. എം. കെ. ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്, പ്രമുഖ സാഹിത്യകാരൻ എം. ടി.വാസുദേവൻനായർ, ചലച്ചിത്രകാരൻ ശ്യാം ബെനഗൽ, ചലച്ചിത്ര താരം മീന ഗണേഷ് എന്നിവരുടെ നിര്യാണത്തിൽ സംസ്ഥാനപ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണയിലാണ് എത്രയും വേഗം കോടതിയിൽ നിന്നും അനുകൂല

വിധി ഉണ്ടായി സീനിയോരിറ്റി അനുസരിച്ച് പ്രിൻസിപ്പൽ നിയമനം നടത്താൻ സാധിക്കും എന്നാണ് സംഘടന കരുതുന്നത്. മ്യൂസിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പഠിക്കുന്നതിനായുള്ള കമ്മറ്റി രൂപീകരിച്ച് ഇതുവരെ ഉത്തരവ് ഇറങ്ങിയിട്ടില്ല ഇത് ഏറെ പ്രയാസകരമാണ് എത്രയും വേഗം ഉത്തരവ് ഇറങ്ങുന്നതിനായി വേണ്ട ഇടപെടൽ തുടർന്നും നടത്തുന്നതാണ്. കോഴിക്കോട് ചേർന്ന സംസ്ഥാന പ്രവർത്തക ക്യാമ്പ് സംഘാടനംകൊണ്ടും, അംഗങ്ങളുടെ പ്രാതിനിധ്യം കൊണ്ടും വളരെ മികച്ചതായിരുന്നു. നല്ല രീതിയിൽ സംഘാടനം നടത്തിയ കോഴിക്കോട് ജില്ലാ സെക്രട്ടറി ഡോ.സി.വി ഷാജിയേയും ജില്ലയിലെ മുഴുവൻ പ്രവർത്തകരേയും സംസ്ഥാന കമ്മറ്റി പ്രത്യേകം അഭിനന്ദിക്കുന്നു. സംഘടനയുടെ സംസ്ഥാന സമ്മേളനം മാർച്ച് 22, 23 തീയ്യതികളിൽ കാസർകോഡ് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്.ഇതിന് മുന്നോടിയായുള്ള യൂണിറ്റ്/ജില്ലാ സമ്മേളനങ്ങൾ സമയബന്ധിതമായി നടത്തണം. ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കുന്ന സംസ്ഥാന സമിതി അംഗങ്ങളേയും ഇന്ന് തീരുമാനിക്കണം. സമ്മേളന ഫണ്ട് സമയബന്ധിതമായി പൂർത്തീകരിക്കേണ്ട കാര്യവും ഇന്ന് ചർച്ച ചെയ്യണം. കൊല്ലം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന ഡോ.മാത്യു ജെ മെമ്മോറിയൽ ചെസ്സ് ടൂർണമെന്റ് വിജയിപ്പിക്കുവാനാവശ്യമായ സംഘടനാ ഇടപെടൽ നടത്തണം.

കേരളത്തിലെ സർവ്വകലാശാലകളിൽ കേന്ദ്രം ചാൻസിലറെ ഉപയോഗിച്ച് സർവ്വകലാശാലകളുടെ സ്വയംഭരണം ഇല്ലാതാക്കാനും ഉന്നതവിദ്യാഭ്യാസ മേഖലയെ തകർത്ത് വർഗ്ഗീയ രാഷ്ട്രീയത്തിന്റെ വരുതിയിലാക്കാനുമുള്ള ആസൂത്രിത നീക്കങ്ങളാണ് നിരന്തരം നടത്തുന്നത് ഇതിനെതിരെ സംസ്ഥാനത്ത് നടക്കുന്ന പ്രക്ഷോഭ പരിപാടിയിൽ നമ്മൾ മുൻ നിരയിൽ ഉണ്ടാവണം. ചാൻസിലറുടെ തെറ്റായ നയങ്ങൾക്കെതിരെ ടെക്നിക്കൽ യൂണിവേഴ്സിറ്റി ആസ്ഥാനത്ത് നടക്കുന്ന പ്രക്ഷോഭ പരിപാടിയിൽ സംഘടനയുടെ സജീവ ഇടപെടൽ ഉണ്ട്. സർവിസ് സംബന്ധമായ വിവിധ വിഷയങ്ങൾ ഉന്നയിച്ച് റിട്ടയേർഡ് അധ്യാപകർ നടത്തുന്ന പ്രക്ഷോഭത്തിനും നമ്മുടെ ഭാഗത്തു നിന്നും ആവശ്യമായ സഹായം ഉണ്ടാവണം. പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ്, പ്രമോഷന് എയ്ഡഡ് കോളേജ് സർവ്വീസ് പരിഗണിക്കുന്ന വിഷയം എന്നിവ ധനവകുപ്പിന്റെ പരിഗണനയിലാണ്. ഇതിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. ഡി.എ കുടിശ്ശിക ലഭിക്കാൻ ആവശ്യമായ ഇടപെടൽ എഫ് എസ്.ഇ.ടി.ഒ യുമായി ചേർന്ന് നടത്തിവരുന്നു. വർക്ക്ലോഡ് സംബന്ധിച്ച ഉത്തരവ് എത്രയും വേഗം പുറത്തിറക്കാൻ ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. എ.ജി.പി 6000-7000,7000-8000 ഉത്തരവുകൾ എത്രയും വേഗം ഇറങ്ങുന്നതാണ്. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ പ്രൊമോഷൻ പ്രൊപ്പോസലുകൾ അധ്യാപകർ സമയബന്ധിതമായി നൽകാൻ ശ്രദ്ധിക്കണം. സർക്കാർ കോളേജ് അധ്യാപകരുടെ 2025-26 അക്കാദമിക് വർഷത്തെ പൊതു സ്ഥലംമാറ്റം സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പുതുക്കിയ മാനദണ്ഡമനുസരിച്ച് എത്രയും വേഗം നടത്താനാവശ്യമായ സംഘടനാപരമായ ഇടപെടൽ നടത്തുന്നതാണ്. FYUGP ഒന്നാം സെമസ്റ്റർ പരീക്ഷയും, മൂല്യനിർണ്ണയവും പൂർത്തിയായ സാഹചര്യത്തിൽ ഇതിന്റെ നടത്തിപ്പിൽ ഉണ്ടായ പോരായ്മകളും നമ്മൾ ചർച്ച ചെയ്യണം. 2025 മാർച്ച് 1, 2 തീയ്യതികളിൽ പഞ്ചാബിലെ ലുധിയാനയിൽ ചേരുന്ന ഐഫെക്ടോ അക്കാദമിക് കോൺഫറൻസിൽ പങ്കെടുക്കുന്ന സംഘടനാ ഭാരവാഹികളേയും ഇന്ന് തീരുമാനിക്കണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും, അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്കും ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. മാർച്ച് 1, 2 തീയ്യതികളിൽ ലുധിയാനയിൽ ചേരുന്ന ഐഫെക്ടോ അക്കാദമിക് കോൺഫറൻസിൽ സംഘടനയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ,ജനറൽ സെക്രട്ടറി, ട്രഷറർ, രണ്ട് വൈസ് പ്രസിഡന്റുമാർ ഉൾപ്പെടെ 5 പേർ പങ്കെടുക്കുവാൻ തീരുമാനിച്ചു.ഇതിനു പുറമെ ജില്ലാ കമ്മറ്റിയുടെ ഭാഗത്തു നിന്നോ, സ്വന്തം നിലയ്ക്കോ അംഗങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

2. സംഘടനയുടെ ജില്ലാ സമ്മേളനത്തിൽ പങ്കെടുക്കുന്ന സംസ്ഥാന സമിതി ഭാരവാഹികളെ താഴെ പറയും പ്രകാരം തീരുമാനിച്ചു.

3. തിരുവനന്തപുരം - സന്തോഷ് ടി വർഗ്ഗീസ്, കൊല്ലം-ശശി.സി.ടി, ആലപ്പുഴ- സന്തോഷ് ടി വർഗ്ഗീസ്, കോട്ടയം - ഡോ.ഗീതാനമ്പ്യാർ എം.കെ, ഇടുക്കി - രഘുദാസ് പി.വി, എറണാകുളം- ഡോ.മുഹമ്മദ് റഫീഖ് ടി, തൃശ്ശൂർ-ഡോ. വിനു ഭാസ്കർ, മലപ്പുറം - പ്രിൻസ് പി.ആർ, പാലക്കാട്-ഡോ. വിനു ഭാസ്കർ, കോഴിക്കോട്- ഡോ.മുഹമ്മദ് റഫീഖ് ടി, വയനാട്-ഡോ.എൻ.മനോജ്, കണ്ണൂർ - ഡോ.എം.എസ്.മുരളി, കാസർകോഡ് - ഡോ.എൻ.മനോജ്

4. നാലുവർഷ ഡിഗ്രി കോഴ്സുമായി ബന്ധപ്പെട്ട് ഓരോ സർവ്വകലാശാല മേഖലയിലും നിലനിൽക്കുന്ന ആശങ്കകൾ, നിർദ്ദേശങ്ങൾ എന്നിവ അതാത് മേഖലാ സെക്രട്ടറിമാർ ഈ മാസം 15നകം മേഖലാതല യോഗം ചേർന്ന് ക്രോഡീകരിക്കുകയും അവ അക്കാദമിക് കമ്മറ്റി ചെയർമാൻ ഡോ.വിഷ്ണു വി.എസ്.ന് നൽകേണ്ടതുമാണ്. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ മുൻനിർത്തി സംഘടന ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

5. ഡോ.സുനിതാ ഗണേഷിന് ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല രജിസ്ട്രാർ നിയമനം ലഭിച്ച സാഹചര്യത്തിൽ വനിതാ സബ്കമ്മറ്റി കൺവീനർ താൽക്കാലിക ചുമതല സംസ്ഥാന ട്രഷറർ ഡോ.ഗീതാനമ്പ്യാർക്ക് നൽകാൻ തീരുമാനിച്ചു.

6. സർക്കാർ കോളേജ് അധ്യാപകരുടെ 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റ നടപടികൾ എത്രയും വേഗം ആരംഭിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

7. ഡി.എ കുടിശ്ശിക, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ്, പുതുക്കിയ വർക്ക് ലോഡ് ഉത്തരവ് എന്നീ വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

8. മ്യൂസിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പഠിക്കുന്നതിനായുള്ള കമ്മറ്റി രൂപീകരിച്ച് ഇതുവരെ ഉത്തരവ് ഇറങ്ങിയിട്ടില്ല ഇതിൽ വേണ്ട ഇടപെടൽ തുടർന്നും നടത്തുന്നതാണ്.

9. കേരള സർവ്വകലാശാല ഗവേഷണത്തിന് വരുത്തിയ അന്യായമായ ഫീസ് വർദ്ധനവ്, ഓപ്പൺ ഡിഫൻസ് കേന്ദ്രം എന്നീ വിഷയത്തിൽ സംഘടന ഇടപെടുന്നതാണ്.

10. സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജിലും കായികാധ്യാപക തസ്തിക സൃഷ്ടിക്കാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

11. കണ്ണൂർ സർവ്വകലാശാലയിൽ നിലനിൽക്കുന്ന വിവിധ അക്കാദമിക് വിഷയത്തിൽ ഇടപെട്ട് ആവശ്യമായ പരിഹാരം കാണുന്നതാണ്.

12. കാലിക്കറ്റ് സർവ്വകലാശാല അന്യായമായി കോളേജുകൾക്കും, അധ്യാപകർക്കും മേൽ ഫൈൻ ഏർപ്പെടുത്തുന്ന നടപടി അവസാനിപ്പിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

13. എഫ്.എസ്.ഇ.ടി.ഒയുടെ നേതൃത്വത്തിൽ നടക്കുന്ന വിവിധ പ്രക്ഷോഭ പരിപാടികളിൽ സംഘടനയുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതാണ്.

യോഗം വൈകിട്ട് 4ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
04-01-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി